## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5599 02.07.2014-ൽ മറുപടിക്ക്

## വലപ്പാട് സർക്കാർ ആശുപത്രിയിലെ ഡോക്ടർമാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.ഗീതാ ഗോപി** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നാട്ടിക നിയോജകമണ്ഡലത്തിൽ വലപ്പാട് സർക്കാർ ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും എണ്ണം എത്രയെന്ന് വിശദമാക്കുമോ; | (എ) വലപ്പാട് സർക്കാർ ആശുപത്രിയിൽ നിലവിലുള്ള ജീവനക്കാരുടെ തസ്തികകൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. |

| തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | ഒഴിവുകൾ |
|---|---|---|
| സിവിൽ സർജൻ | 1 | - |
| അസിസ്റ്റന്റ് സർജൻ | 2 | - |
| നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-I | 1 | - |
| ഹെഡ് നഴ്സ് | 3 | 2 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ്-I | 5 | - |
| സ്റ്റാഫ് നഴ്സ് ഗ്രേഡ്-II | 4 | - |
| ഫാർമസിസ്റ്റ് | 1 | - |
| നഴ്സിംഗ് അസിസ്റ്റന്റ് | 6 | 1 |
| ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-I | 2 | - |
| ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-II | 4 | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 | 1 |

| ചോദ്യം | മറുപടി |
|---|---|
| (ബി) ഈ ആശുപത്രിയിൽ ഏതെല്ലാം തസ്തികകളിലാണ് റഗുലർ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളതെന്നും ടി തസ്തികകളിൽ ഇപ്പോൾ ടി ഡോക്ടർമാരുടെ സേവനം ലഭ്യമാണോയെന്നും വിശദീകരിക്കുമോ; | (ബി) വലപ്പാട് സർക്കാർ ആശുപത്രിയിൽ ഒരു സിവിൽ സർജൻ തസ്തികയിലും രണ്ട് അസിസ്റ്റന്റ് സർജൻ തസ്തികയിലുമാണ് റഗുലർ ഡോക്ടർമാരുടെ സേവനം ലഭ്യമായിട്ടുള്ളത്. ഇതിൽ സിവിൽ സർജൻ 30.06.2014 വരെ അവധിയിലും അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒരു ഡോക്ടർ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിൽക്കുകയുമാണ്. |

| | |
|---|---|
| (സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം നിയമനം നടത്തുമോ എന്നും അറിയിക്കുമോ; | (സി) സിവിൽ സർജൻ തസ്തികയിലെ ഡോക്ടർ അവധിയിലായതിനാലും സാങ്കേതികമായി ടി തസ്തികയിൽ ഒഴിവുള്ളതായി കണക്കാക്കുവാനാകാത്തതിനാലും, പകരം നിയമനം നടത്തുവാൻ നിർവ്വാഹമില്ല. അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത ആശുപത്രിയിൽ നിലവിലുള്ള എല്ലാ തസ്തികകളിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) പ്രസ്തുത ആശുപത്രിയിൽ ഒഴിവുള്ള മറ്റ് തസ്തികകൾ ഹെഡ് നഴ്സിന്റെയും, നഴ്സിംഗ് അസിസ്റ്റന്റിന്റെയും, ആശുപത്രി അറ്റന്റന്റിന്റെയും, പാർട്ട് ടൈം സ്വീപ്പറുടെയുമാണ്. ഹെഡ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ നിയമനം പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ബാക്കിയുള്ള ഒഴിവുകളും നികത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (ഇ) ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ഒഴിവുകളിൽ താല്ക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്ഥിരം നിയമനം നടത്തുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ജീവനക്കാരെ നിയമിക്കുമോ; | (ഇ) വലപ്പാട് സർക്കാർ ആശുപത്രിയിൽ ഉണ്ടായിരുന്ന അസിസ്റ്റന്റ് സർജൻ ഒഴിവിലേയ്ക്ക് ഇതിനോടകം നിയമനം നൽകിയിട്ടുണ്ട്. കൂടാതെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 4 ഡോക്ടർമാരെ എൻ.ആർ.എച്ച്.എം മുഖേന നിയമിച്ചിട്ടുണ്ട്. കൂടാതെ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ആശുപത്രി അറ്റന്റന്റ് ഗ്രേഡ് II-നെയും, ഒരു സ്റ്റാഫ് നഴ്സ്, ഒരു ഡയറ്റീഷ്യൻ, ഡ്രൈവർ എന്നിവരെയും നിയമിച്ചിട്ടുണ്ട്. ഫാർമസിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിനായി എൻ.ആർ.എച്ച്.എം മുഖേന താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. |
| (എഫ്) ഒരു സർക്കാർ ആശുപത്രിയിൽ ഇത്രയധികം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനും നിയമനത്തിന് കാലതാമസം നേരിടുന്നതിനും കാരണം വിശദീകരിക്കുമോ? | (എഫ്) വലപ്പാട് സർക്കാർ ആശുപത്രിയിൽ ഒഴിഞ്ഞു കിടന്നിരുന്ന അസിസ്റ്റന്റ് സർജൻ തസ്തിക, ബന്ധപ്പെട്ട ഡോക്ടർ അനധികൃതമായി ജോലിക്ക് ഹാജരാകാത്തതു കൊണ്ടുണ്ടായതാണ്. പകരം നിയമനം നടത്തുന്നതിലെ ഭരണപരമായ കാലതാമസമാണ് തസ്തിക ഒഴിഞ്ഞു കിടക്കുവാൻ കാരണം. കൂടാതെ, ഹെഡ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകൾ പ്രൊമോഷൻ വഴി നികത്തപ്പെടേണ്ടതായതിനാൽ പ്രൊമോഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസമാണ് ടി തസ്തികകൾ നികത്തുവാൻ ഉണ്ടാവുന്നത്. |

സെക്ഷൻ ഓഫീസർ